ഉത്തരം

(എ) ഇല്ല

(ബി) കടിശ്ശിക നൽകണമെന്ന് മരുന്ന് വിതരണ കമ്പനികൾ ആവശ്യപ്പെട്ടനുണ്ടെങ്കിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന നൽകേണ്ടതില്ലെന്ന് ഉത്തരേന്ത്യൻ കമ്പനികൾ തീരുമാനിച്ചിരിക്കുന്നുവെന്നള സംബന്ധിച്ച കാര്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭക്ഷ്യ സുരക്ഷ**

20 (709) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായത്തിനും വിഷത്തിനും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്ന നടപടികളിൽനിന്നും പിന്തിരിയുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യ വസ്തുക്കളിലെ മായത്തിനും വിഷത്തിനും എതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർക്ക് നിയമപ്രകാരമുള്ള എല്ലാ സംരക്ഷണവും സർക്കാർ ഉറപ്പാക്കുന്നുണ്ട്. ജീവനക്കാരെ സമ്മർദ്ദത്തിലാക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി**

21 (710) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്, വിശദമാക്കുമോ?

LIBRARY. ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി ഉൾപ്പെടെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലാ ആശുപത്രികൾ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള പരിശോധന**

22 (711) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പിഴ മാത്രം ഈടാക്കുന്നത് ഇത്തരം കുറ്റങ്ങൾ ആവർത്തിക്കുന്നതിനുള്ള പ്രവണത വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ നിയമം 2006 അനുസരിച്ച് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുകയും സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. അത്തരത്തിൽ നിരന്തരമായ കുറ്റങ്ങൾ ആവർത്തിച്ച് കണ്ടെത്തിയ ഉല്പന്നങ്ങൾക്കെതിരെ നിരോധന നടപടികളുടക്കം സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly